നൈപുണ്യം സമ്മിറ്റ്-2014

260 (968) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ നൈപുണ്യം സമ്മിറ്റ് - 14 സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ പുതുതായി ആരംഭിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പരിപാടിയിൽ പരിഗണിക്കുന്നതിലേക്കായി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിരുന്നുവോ ; എങ്കിൽ അപേക്ഷ പരിഗണിച്ച് എന്തെങ്കിലും മേൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), കുശലകേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽസ് പാർക്ക് (KK-CSP) എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

(ബി) നൈപുണ്യം സമ്മിറ്റ്-14-ൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ അനുയോജ്യമായ പദ്ധതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

മിഷൻ 676-സ്കിൽ ഡവലപ്പ്മെന്റ് പദ്ധതികൾ

261 (969) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി സ്കിൽ ഡവലപ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly